**വളരെ അടിയന്തിരം/സമയ പരിധി**

നം. G4-7131/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 25.07.2018.
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - സായംപ്രഭ ഹോമുകളെ റിസോഴ്സ് സെന്ററുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി - അനുയോജ്യമായ ഹോമുകളെ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന :- ബഹു. ഡയറക്ടറുടെ 21.07.2018-ലെ തീരുമാനം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സായംപ്രഭാ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച പകൽ വീടുകളിൽ നിന്ന് ഒരു ജില്ലയിൽ ഒന്നു വീതം തെരഞ്ഞെടുത്ത് വിവിധ വയോജന സേവനങ്ങൾ ലഭ്യമാക്കുന്ന റിസോഴ്സ് സെന്ററുകളാക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും അനുയോജ്യമായ സ്ഥല സൗകര്യങ്ങളുള്ള സായംപ്രഭാ ഹോം കണ്ടെത്തി 3 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യാൻ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്താൻ സൂചന പ്രകാരം ബഹു. ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ താങ്കളുടെ ജില്ലയിൽ റിസോഴ്സ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനും, സ്വയം തൊഴിൽ പരിശീലനം, ഫിറ്റ്നസ് ഉപകരണങ്ങൾ സജ്ജീകരിക്കൽ, ആധുനിക സൗകര്യങ്ങളോടു കൂടിയ അടുക്കള സജ്ജമാക്കൽ, കമ്പ്യൂട്ടർ അവബോധം പകർന്നു നൽകുന്നതിനുള്ള സ്ഥല സൗകര്യം, ബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുന്നതിനുള്ള സൗകര്യം തുടങ്ങിയ ആവശ്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്ന സ്ഥല സൗകര്യവും അടിസ്ഥാന സൗകര്യവും ഉള്ള സായംപ്രഭാ ഹോം കണ്ടെത്തി 3 ദിവസത്തിനുള്ളിൽ (28.07.2018-ന് മുൻപ്) ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അംഗീകാര പത്രവും ഉൾപ്പെടെ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുന്നു. സമയ പരിധി കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

AN